പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1845 12.06.2019-ലെ മറുപടിക്ക്

# തമ്പാനൂരിലെ കെ.എസ്.ആർ.ടി.സിയുടെ വ്യാപാരസമുച്ചയം

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തമ്പാനൂരിൽ കെ.എസ്.ആർ.ടി.സിയുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ പണി പൂർത്തിയാക്കിയത് എന്നാണ്; ഇതിനായി ചെലവഴിച്ച തുകയെത്ര; വിശദമാക്കമോ; | (എ) | തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ ഉദ്ഘാടനം 03.02.2014-ൽ നടത്തിയിരുന്നുവെങ്കിലും പണി പൂർണ്ണമായും പൂർത്തിയാക്കിയത് 31.05.2014 ആണ്. ആയതിന്റെ നിർമ്മാണത്തിനായി 80,99,73,316/- രൂപ (30.09.2018 വരെ) ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഇത് പൂർണ്ണമായും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പൂർണ്ണമായും വാടകയ്ക്ക് നൽകി തുടങ്ങിയത്; ഈയിനത്തിൽ ലഭിക്കുന്ന പ്രതിമാസ വരുമാനമെത്ര; | (ബി) | തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന്റെ 90% സ്പെയ്സുകളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കി ഒഴിഞ്ഞുകിടക്കുന്ന 10% സ്പെയ്സുകളും അലോട്ട് ചെയ്യുന്നതിനായി ടെണ്ടർ സമർപ്പിക്കുന്നതിന് 10.06.2019 അവസാന തീയതിയായി ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ടി സമുച്ചയത്തിലെ രണ്ടാം നില മുതൽ പത്താം നിലവരെയുള്ള സ്പെയ്സുകൾ സർക്കാർ സ്ഥാപനങ്ങൾക്കാണ് അനുവദിച്ചിരിക്കുന്നത്. ആയതിൽ കേരള വനിതാ കമ്മീഷൻ, വ്യാപാരി ക്ഷേമ ബോർഡ്, അഴീക്കൽ പോർട്ട്, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ നിലവിൽ വാടക നൽകുന്നില്ല. ടി ഓഫീസ് സ്പെയ്സുകളുടെ ഇന്റീരിയർ വർക്കുകൾ പൂർത്തീകരിക്കുന്നതിനായി റെന്റ് ഹോളീഡേ അനുവദിച്ചിരി |

| | | | |
|---|---|---|---|
| | | | ക്കുകയാണ്. തമ്പാനൂരിൽ കെ.എസ്.ആർ. ടി.സി.യുടെ സ്ഥലത്ത് നിർമ്മിച്ച വ്യാപാര സമുച്ചയത്തിന് വാടകയിനത്തിൽ കിട്ടുന്ന പ്രതിമാസ വരുമാനം ചുവടെ ചേർക്കുന്നു.<br>• പ്രതിമാസ വാടക വരുമാനം: 34,77,051/- രൂപ (Excluding GST)<br>• പേ ആന്റ് പാർക്ക് പ്രതിമാസ വരുമാനം: 4,03,171/- രൂപ (Excluding GST)<br>• പേ ആന്റ് യൂസ് പ്രതിമാസ വരുമാനം: 3,16,833/- രൂപ (Excluding GST)<br>• Advertisement പ്രതിമാസ വരുമാനം: 65,000/- രൂപ (Excluding GST) |
| (സി) | വാടക ലഭിക്കുമ്പോൾ ഭ്രവുടമയായ കെ.എസ്.ആർ.ടി.സി. ക്ക് കെ.റ്റി.ഡി.എഫ്.സി. ലാഭവിഹിതം കൈമാറുന്നതിനായി ഉടമ്പടി ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി, ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മിക്കുന്നത് G.O(Ms) No.46/07/Tran dtd 05.11.2007. G.O(Ms) No.4/2010/Trans dtd 18.01.2010 എന്നീ നമ്പർ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. വാടക ലഭിക്കുമ്പോൾ ഭ്രവുടമയായ കെ. എസ്.ആർ.ടി.സിക്ക് കെ.റ്റി.ഡി.എഫ്.സി ലാഭവിഹിതം കൈമാറുന്നതിനായുള്ള നിബന്ധനകൾ ടി ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ഉടമ്പടി കരാറുകൾ ഒപ്പുവെച്ചിട്ടില്ല. |
| (ഡി) | ഈ വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിന് മുമ്പുണ്ടായിരുന്ന കെട്ടിടങ്ങളിൽ നിന്നും കെ.എസ്.ആർ. ടി.സി.ക്ക് പ്രതിമാസം ലഭിച്ചിരുന്ന വരുമാനമെത്ര; വ്യക്തമാക്കുമോ; | (ഡി) | ഡിസംബർ 2014 വരെ പ്രതിമാസം 6,00,233/- രൂപ ലഭിച്ചിരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>സ്റ്റാൾ നം. 1 - 55,114/- രൂപ<br>സ്റ്റാൾ നം. 2 - 80,494/- രൂപ<br>സ്റ്റാൾ നം. 3 - 1,27,229/- രൂപ<br>ട്രേഡ് ഫെയർ - 1,49,100/- രൂപ<br>വേക്കന്റ് റൂം - 5,125/- രൂപ<br>ബുക്ക്സ്റ്റാൾ നം. 1 - 30,451/- രൂപ<br>ബുക്ക്സ്റ്റാൾ നം. 2 - 30,451/- രൂപ |

| | | | |
|---|---|---|---|
| | | | സ്റ്റാൾ നം. 5 - 33,690/- രൂപ<br>കംഫർട്ട് സ്റ്റേഷൻ - 45,675/- രൂപ<br>സിസി ടിവി - 29,831/- രൂപ<br>ലൈറ്റ് ബോക്സ് - 4,061/- രൂപ<br>ആപ്പിൾജ്യൂസ് സ്റ്റാൾ - 4,287/- രൂപ<br>കെൽപാം സ്റ്റാൾ - 4,725/- രൂപ |
| (ഇ) | ഈ വ്യാപാര സമുച്ചയത്തിൽ ഉള്ള പാർക്കിംഗ് സ്പേസിന് ഫീസ് ഈടാക്കുന്ന കരാറുകാരൻ ഇവിടെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ വരുന്നവരിൽ നിന്നും മാനദണ്ഡങ്ങൾ ഇല്ലാതെ അമിത ഫീസ് ഈടാക്കുന്നതിനാൽ ടിയാളെ മാറ്റി പാർക്കിംഗ് ഉത്തരവാദിത്വം ഏതെങ്കിലും സർക്കാർ ഏജൻസി യെയോ പൊതുമേഖല സ്ഥാപനത്തെ യോ ഏൽപ്പിക്കുമോ എന്ന് അറിയി ക്കാമോ? | (ഇ) | തിരുവനന്തപുരത്തെ തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് ഏര്യയിൽ വാഹനം പാർക്ക് ചെയ്യുന്നതിന് നിശ്ചിത ഫീസ് മാത്രമേ ഈടാക്കുവാൻ ലൈസൻസ് എടുത്തിരിക്കുന്ന വ്യക്തിക്കോ / ഏജൻസിക്കോ കരാർ/ടെൻഡർ നിബന്ധ നകൾ പ്രകാരം അവകാശമുള്ളു. മാത്രവുമല്ല, ഫീസ് നിരക്ക് വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കുന്നുമുണ്ട്. നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്നു എന്ന പരാതി ലഭിക്കുന്ന പക്ഷം ലൈസൻസിയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിലെ പാർക്കിംഗ് സംവിധാനം നിലവിൽ ഇ ടെൻഡർ മുഖേന 15.10.2018 മുതൽ ഒരു വർഷത്തേക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ആയതിന്റെ കാലാവധി നീട്ടി നൽകിയി ട്ടില്ല. ഇ-ടെൻഡർ മുഖേനയാണ് പാർക്കിംഗ് സംവിധാനം അലോട്ട് ചെയ്യു ന്നത്. ആയതിനാൽ സർക്കാർ ഏജൻസി കൾക്കോ, പൊതുമേഖല സ്ഥാപനങ്ങൾ ക്കോ സ്വകാര്യ വ്യക്തികൾക്കോ ഇ-ടെൻഡറിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത ടെൻഡറിൽ പങ്കെടുക്കാൻ താൽപര്യമുള്ള സർക്കാർ ഏജൻസികൾക്ക് ടെൻഡർ പബ്ലിഷ് ചെയ്യുന്ന സമയം രേഖാമൂലം അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**